പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 3573 26.06.2012-ൽ മറുപടിയ്ക്ക്

## വാർഷിക വൈദ്യുത ഉപയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ജമീലാ പ്രകാശം : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) ഇപ്പോൾ പ്രതിവർഷം കേരളത്തിന്റെ വൈദ്യുതി ഉപയോഗം എത്ര മെഗാവാട്ട് എന്നാണ് കണക്കാക്കിയിരിക്കുന്നത്; | (എ) ഈ വർഷം ഇതുവരെ കേരളത്തിലെ പരമാവധി ഉപഭോഗം 3348 മെഗാവാട്ട് ആയിരുന്നു.<br>2011-12 വർഷത്തിൽ സംസ്ഥാനത്തിന്റെ വാർഷിക വൈദ്യുതി ഉപഭോഗം 19526.40 ദശലക്ഷം യൂണിറ്റായിരുന്നു. |
| (ബി) ഇതിൽ എത്ര മെഗാവാട്ട് ഉത്പാദിപ്പിക്കപ്പെടുന്നു ; | (ബി) ഈ വർഷം കേരളത്തിൽ നിന്നും പരമാവധി 1700 മെഗാവാട്ട് ഉല്പ്പാദിപ്പിച്ചിട്ടുണ്ട്.<br>2011-12-ലെ സംസ്ഥാനത്തെ ആഭ്യന്തര ഉൽപ്പാദനം 8301.20 ദശലക്ഷം യൂണിറ്റാണ്. |
| (സി) ശേഷിക്കുന്ന വൈദ്യുതിക്ക് ആരെയൊക്കെയാണ് ആശ്രയിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (സി) ശേഷിക്കുന്ന വൈദ്യുതി താഴെപ്പറയുന്ന രീതിയിലാണ് ലഭ്യമാക്കുന്നത്.<br>1. കേന്ദ്രവിഹിതം<br>2. പവർ എക്സ്ചേഞ്ച്<br>3. പവർ ട്രേഡേഴ്സ്<br>4. UI (അൺ ഷെഡ്യൂൾഡ് ഇൻറർചേഞ്ച്)<br>2011-12 ൽ കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിഹിതം 8823.55 ദശലക്ഷം യൂണിറ്റും സ്വകാര്യ സംരംഭകരുടെ പദ്ധതികളിൽ നിന്നുള്ള വൈദ്യുതി 715.66 ദശലക്ഷം യൂണിറ്റുമായിരുന്നു. കുറവ് വന്ന 1685.98 ദശലക്ഷം യൂണിറ്റ് വൈദ്യുതി പവർ എക്സ്ചേഞ്ചിൽ നിന്നും ട്രേഡർമാരിൽ നിന്നും വാങ്ങിയാണ് സംസ്ഥാനത്തിന്റെ ഊർജ്ജ ആവശ്യകത നിറവേറ്റിയത്. |

സെക്ഷൻ ഓഫീസർ.